"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി, കൗണ്ടർ ഫോയിൽ കട്ടിം & പാക്കിംഗ്, ഗോഡൗൺ വാടക, വാഹന വാടക എന്നീ ഇനങ്ങളിൽ കേരള ബുക്സ് & പബ്ലിഷിംഗ് സൊസൈറ്റി, സി-ആപ്റ്റ് എന്നീ സ്ഥാപങ്ങളുമായി കരാർ പുതുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.237/2024/TAXES തീയതി,തിരുവനന്തപുരം, 12-03-2024

---

പരാമർശം:-
1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 23.08.2022 ലെ SLTY/1953/2022-PR1 നമ്പർ കത്ത്
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 22.10.2022-ലെ SLTY/1974/2022-S2 നമ്പർ കത്ത്
3. 31.01.2023 ലെ TAXES-H1/347/2022-TAXES നമ്പർ സർക്കാർ കത്ത്
4. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 24.10.2023-ലെ SLTY/1974/2022-S2 നമ്പർ കത്ത്

**ഉത്തരവ്**

ഭാഗ്യക്കുറി ടിക്കറ്റുകളുടെ കൗണ്ടർ ഫോയിൽ കട്ടിംഗ് & പാക്കിംഗ്, കൗണ്ടർ ഫോയിലുകൾ സൂക്ഷിക്കുന്ന ഗോഡൗണിന്റെ വാടക, ടിക്കറ്റ് വിതരണത്തിനുള്ള വാഹനത്തിന്റെ വാടക എന്നിവയുമായി ബന്ധപ്പെട്ട് കെ.ബി.പി.എസ്., സി.ആപ്റ്റ് എന്നീ സ്ഥാപനങ്ങളുമായി ഏർപ്പെട്ടിരുന്ന കരാർ അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത കരാർ പുതുക്കുന്നതിന് അനുമതി തേടി പരാമർശം (1), (2) എന്നിവ പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ടിക്കറ്റ് അച്ചടി ഒരു സ്ഥാപനത്തെ ഏൽപ്പിക്കുമ്പോൾ കൗണ്ടർ ഫോയിൽ കട്ടിംഗ്, ടിക്കറ്റ് പാക്കിംഗ്, കൗണ്ടർ ഫോയിൽ സൂക്ഷിക്കൽ,

വാഹന വാടക എന്നിവയെല്ലാം ചേർത്ത് ഒറ്റ നിരക്കിൽ കരാറിൽ ഏർപ്പെടുന്നതാവും പ്രായോഗികമെന്ന് കണ്ടതിനെത്തുടർന്ന് പ്രസ്തുത ഇനങ്ങളെല്ലാം ചേർത്ത് ഒറ്റ നിരക്കിൽ അച്ചടിക്കൂലി കണക്കാക്കി സമഗ്രമായ ഒരു കരാറിൽ ഏർപ്പെടുന്നതിനുള്ള സാധ്യത പരിശോധിച്ച് ശിപാർശ ലഭ്യമാക്കാൻ പരാമർശം (3) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നിർദ്ദേശം നല്കുകയുണ്ടായി. തുടർന്ന് ഇത്തരത്തിൽ സമഗ്രമായ കരാറിന്റെ ശിപാർശ പരാമർശം (4) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1),(2),(4) എന്നിവയിലെ ശിപാർശകൾ ഉൾപ്പെടുത്തി ചുവടെപ്പറയും പ്രകാരം പുതുക്കിയ നിരക്കിൽ കേരള ബുക്സ് & പബ്ലിഷിംഗ് സൊസൈറ്റി, സി-ആപ്റ്റ് എന്നീ സ്ഥാപനങ്ങളുമായി കരാർ പുതുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു :-

i. കൗണ്ടർഫോയിൽ കട്ടിംഗ് & പാക്കിംഗ് ചാർജ്ജ് ₹6.39 ൽ നിന്ന് ₹7 ആയി (excluding Goods and Services Tax) വർദ്ധിപ്പിക്കാവുന്നതാണ്.
ii. വാഹന വാടക കിലോമീറ്ററിന് ₹17.33 ൽ നിന്നും ₹18 ആയി (excluding Goods and Services Tax) വർദ്ധിപ്പിക്കാവുന്നതാണ്.
iii. ഗോഡൗൺ വാടക ചതുരശ്ര അടിക്ക് ₹13.69 ൽ നിന്നും ₹15.07 ആയി (excluding Goods and Services Tax) വർദ്ധിപ്പിക്കാവുന്നതാണ്.

4. ഇത്തരത്തിൽ ഉയർത്തിയ നിരക്കുകൾ പ്രകാരം, പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്നതിന് അച്ചടിക്കൂലി ഉൾപ്പെടെ എല്ലാ നിരക്കുകളും ചേർത്ത് 1000 ടിക്കറ്റിന് ₹415.6 നിരക്കിൽ (excluding Goods and Services Tax) സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് കേരള ബുക്സ് & പബ്ലിഷിംഗ് സൊസൈറ്റി, സി-ആപ്റ്റ് എന്നീ സ്ഥാപനങ്ങളുമായി കരാർ പുതുക്കാവുന്നതാണ്.

5. സാധാരണ മഷിയിൽ അച്ചടിക്കുന്ന ബമ്പർ ടിക്കറ്റുകൾക്ക് അച്ചടിക്കൂലി, കൗണ്ടർ ഫോയിൽ കട്ടിംഗ് & പാക്കിംഗ്, ഗോഡൗൺ വാടക, വാഹന വാടക എന്നിവയെല്ലാം ചേർത്ത് 1000 ടിക്കറ്റിന് ₹501.6 നിരക്കിൽ (excluding Goods & Service Tax) കരാറിൽ ഏർപ്പെടാവുന്നതാണ്. എന്നാൽ 21.07.2023 ലെ സ.ഉ(സാധാ)502/2023/ടാക്സസ് നമ്പർ ഉത്തരവ് പ്രകാരം അച്ചടി കൂലി അനുവദിക്കുന്ന ടിക്കറ്റുകളുടെ കാര്യത്തിൽ മേൽ പറഞ്ഞ സേവനങ്ങൾ നൽകുന്നതിന് അധിക തുക നൽകുന്നതല്ല.

6. ഇത്തരത്തിൽ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള കരാറിൽ 01.01.2024 പ്രാബല്യത്തിൽ ഏർപ്പെടേണ്ടതും നിലവിലെ കരാർ കാലാവധി

അവസാനിച്ച തീയതി മുതൽ 31.12.2023 വരെ ലഭിച്ച വിവിധ സേവനങ്ങൾക്ക് പഴയ കരാർ നിരക്കുകൾ പ്രകാരം തുക അനുവദിച്ച് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (01.03.2024ലെ 2287914 Exp- B1/678/2022-Fin പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 12-03-2024 11:30:20

സെക്ഷൻ ഓഫീസർ